Circular No. 316

ദൈവവിളി ക്യാമ്പുകൾ

Catholic Metropolitan's House
P.B. No. 71, Kottayam
Kerala, India-686001

Date: 23-03-2024

പ്രിയ ബഹു. അച്ചാ, പ്രിയ ദൈവജനമേ,

2024 ഏപ്രിൽ 21 ഞായറാഴ്ച ആഗോളകത്തോലിക്കാ സഭ ദൈവവിളിദിനമായി ആചരിക്കുകയാണ്. പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപ്പാപ്പ കഴിഞ്ഞ വർഷത്തെ തന്റെ ദൈവവിളിദിന സന്ദേശത്തിൽ ഇപ്രകാരം പറയുകയുണ്ടായി, 'ദൈവവിളി സ്വീകരണം എന്നത് ദൈവത്തിന്റെ സ്വപ്നം യാഥാർത്ഥ്യമാക്കലാണ്'.

പരി. പിതാവിന്റെ ഈ വാക്കുകൾക്ക് പശ്ചാത്തലമായി ജെറെമിയാ പ്രവാചകന്റെ പുസ്തകത്തിൽ ഇപ്രകാരം കാണുന്നു; 'കർത്താവ് അരുളിച്ചെയ്യുന്നു; നിങ്ങളെക്കുറിച്ചുള്ള പദ്ധതി എന്റെ മനസ്സിലുണ്ട്. നിങ്ങളുടെ നാശത്തിനല്ല, ക്ഷേമത്തിനുള്ള പദ്ധതിയാണത് – നിങ്ങൾക്കു ശുഭമായ ഭാവിയും പ്രത്യാശയും നൽകുന്ന പദ്ധതി'(ജെറെമിയ 9,11). ദൈവത്തിനു നമ്മെ ഓരോരുത്തരെയും കുറിച്ച് ഒരു സ്വപ്നമുണ്ട്; നമുക്കുവേണ്ടിയും മറ്റനേകർക്കുവേണ്ടിയുമുള്ള രക്ഷയുടെ പദ്ധതി. നമ്മെക്കുറിച്ചുള്ള ദൈവത്തിന്റെ സ്വപ്നം നമ്മുടെ ജീവിത നിയോഗമായും ദൈവവിളിയായും നാം സ്വീകരിക്കുമ്പോഴാണ് സൃഷ്ടാവായ ദൈവത്തോടുള്ള നമ്മുടെ കടമ നാം നിറവേറ്റുന്നത്.

ദൈവത്തിന്റെ വിളി മനസ്സിലാക്കി കുടുംബജീവിതത്തിലൂടെയോ പൗരോഹിത്യ –സമർപ്പിത ജീവിത വഴികളിലൂടെയോ ദൈവഹിതത്തിന് നമ്മെത്തന്നെ സമർപ്പിക്കുവാൻ സാധിക്കുമ്പോഴാണ് നമ്മുടെ ജീവിതം സഫലമാകുന്നത്. ഈവിധ ജീവിത വഴികളിൽ കൂടുതൽ തീക്ഷ്ണതയോടെയും അവിഭജിത ഹൃദയത്തോടെയും സമ്പൂർണ്ണ സമർപ്പണം നടത്തുവാനുള്ള വിളി

യാണ് പൗരോഹിത്യ-സമർപ്പിത ദൈവവിളികൾ. സമർപ്പിത ദൈവവിളികൾ സഭയുടെ സമ്പത്താണ്. ദൈവത്തിനും ദൈവ ജനത്തിനുംവേണ്ടി തങ്ങളെത്തന്നെ സ്വയം സമർപ്പിക്കുന്ന സമർപ്പിതരുടെ ജീവിതം എത്ര വിലപ്പെട്ടതാണെന്ന് സഭാമക്കളും ലോകചരിത്രം തന്നെയും എന്നും തിരിച്ചറിഞ്ഞിട്ടുള്ളതാണ്.

തന്നോടുകൂടെ ആയിരിക്കാനും തനിക്കുവേണ്ടി ലോകത്തിലേക്ക് അയയ്ക്കാനും (മർക്കോ 3, 13-15) ചിലരെ ദൈവം എല്ലാക്കാലത്തും തിരഞ്ഞെടുത്ത് മാറ്റിനിർത്തിയിട്ടുണ്ട്. ജനക്കൂട്ടങ്ങളോട് അനുകമ്പ തോന്നുന്ന ദൈവം തന്റെ വിളഭൂമിയിലേക്ക് വേലക്കാരെ ഇന്നും വിളിക്കുന്നു (മത്താ. 9: 36-37). ദേശദേശാന്തരങ്ങളിൽ തന്റെ ജനത്തിനുവേണ്ടി അജപാലകരായും മിഷനറിമാരായും സന്ന്യസ്തരായും സമർപ്പിതരായും അവിടുന്ന് അവരെ അയയ്ക്കുന്നു.

പ്രിയ സഹോദരങ്ങളെ, ദൈവവിളികളാൽ സമ്പന്നമാണ് ക്നാനായ സമൂഹം എന്നതിൽ നമുക്ക് ദൈവത്തിന് നന്ദി പറയാം. സമർപ്പിതരായ നമ്മുടെ മക്കൾ അതിരൂപതയിലും മിഷനറിമാരായി ലോകത്തിന്റെ നാനാഭാഗങ്ങളിലും സഭയിൽ നിർവഹിച്ചുകൊണ്ടിരിക്കുന്ന അതിവിശിഷ്ടമായ സേവനങ്ങളെ നമുക്ക് ഓർമ്മിക്കാം. ദൈവം സമർപ്പിത ജീവിത വഴികളിലേക്ക് തിരഞ്ഞെടുക്കുന്ന മക്കളെ തുടർന്നും കണ്ടെത്താനും അവരുടെ ദൈവവിളികളെ പ്രോത്സാഹിപ്പിക്കുവാനും നമുക്ക് സാധിക്കണം. നമ്മുടെ ഇടയിൽ ആത്മീയതയുടെയും ദൈവിക പുണ്യങ്ങളുടെയും കാവൽക്കാരായും സ്വർഗ്ഗത്തെ ലക്ഷ്യമാക്കിയുള്ള ജീവിതയാത്രയിൽ നമുക്ക് സാന്ത്വനവും നേതൃത്വവുമായും ദൈവിക രഹസ്യങ്ങളുടെ പരികർമ്മികളായും അജപാലകരും സന്ന്യസ്തരും നമുക്ക് കൂടിയേ തീരൂ. നമ്മുടെ സമൂഹത്തിന്റെ ആധ്യാത്മികവും ഭൗതികവുമായ വളർച്ചയിൽ വൈദികരുടെയും സമർപ്പിതരുടെയും പങ്ക് വലുതായിരുന്നു എന്ന് ഞാൻ പ്രത്യേകം ഓർമ്മിപ്പിക്കേണ്ടതില്ലല്ലോ.

തങ്ങളുടെ മക്കളുടെ ദൈവവിളികൾ കണ്ടെത്താൻ മറ്റാരെക്കാളും എളുപ്പത്തിൽ സാധിക്കുന്നത് മാതാപിതാക്കൾക്കാണ്. നല്ല കുടുംബങ്ങളിൽ നിന്നാണ് നല്ല ദൈവവിളികൾ ഉണ്ടാകുന്നത്. തങ്ങളുടെ മക്കളുടെ ഭാവിയെക്കുറിച്ച് സ്വപ്നങ്ങൾ കാണുമ്പോൾ ദൈവത്തിന് തങ്ങളുടെ മക്കളെക്കുറിച്ചുള്ള സ്വപ്നം എന്തെന്ന് പ്രാർത്ഥനയോടെ അന്വേഷിക്കുവാൻ മാതാപിതാക്കൾക്ക് കടമയുണ്ട്. ദൈവിക കാര്യങ്ങളോട് ചേർന്നു നിൽക്കാൻ താല്പര്യവും അഭിരുചിയുമുള്ള മക്കളെ ദൈവത്തിനായി വിട്ടുനൽകാൻ അവർ തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. മാതാപിതാക്കളോടൊപ്പം ബഹു. വൈദികർ, സിസ്റ്റേഴ്സ്, വിശ്വാസ പരിശീലകർ തുടങ്ങി എല്ലാവരും ഇടവക സമൂഹം മുഴുവനും നമ്മുടെ ഇടയിൽനിന്ന് നല്ല പൗരോഹിത്യ-സമർപ്പിത ദൈവവിളികൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കാൻ താല്പര്യമെടുക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

നമ്മുടെ അതിരൂപതയിലെ യുവജനങ്ങൾക്ക് തങ്ങളുടെ ദൈവവിളിയെക്കുറിച്ചുള്ള ശരിയായ ദിശാബോധം നൽകുന്നതിന് അതിരൂപതാ ദൈവവിളി കമ്മീഷന്റെ നേതൃത്വത്തിൽ നടത്തിവരുന്ന ദൈവവിളി ക്യാമ്പുകൾ പെൺകുട്ടികൾക്കായി ഏപ്രിൽ 15, 16, 17 തീയതികളിൽ ബറുമറിയം പാസ്റ്ററിൽ സെന്ററിലും ഏപ്രിൽ 18, 19, 20 തീയതികളിൽ ചൈതന്യ പാസ്റ്ററൽ സെന്ററിലും ആൺകുട്ടികൾക്കായി ഏപ്രിൽ 15, 16, 17 തീയതികളിൽ ചൈതന്യ പാസ്റ്റർ സെന്ററിലും ഏപ്രിൽ 18, 19, 20 തീയതികളിൽ ബറുമറിയം പാസ്റ്റർ സെന്ററിലും നടത്തപ്പെടുകയാണ്. നമ്മുടെ അതിരൂപതയ്ക്കു വെളിയിൽ സെമിനാരികളിലോ സന്യാസഭവനങ്ങളിലോ ചേരാൻ ആഗ്രഹിക്കുന്ന നമ്മുടെ യുവതീ യുവാക്കളും അതിരൂപതയിൽ നടത്തപ്പെടുന്ന ദൈവവിളി ക്യാമ്പിൽ നിർബന്ധമായും പങ്കെടുത്തി രിക്കേണ്ടതാണ്. പത്താംക്ലാസോ അതിലുപരി വിദ്യാഭ്യാസ യോഗ്യതയോ ഉള്ള യുവതീ യുവാക്കളെ ദൈവവിളി ക്യാമ്പിലേക്ക്

പറഞ്ഞുവിടാൻ ബഹു. വികാരിയച്ചന്മാരും മതാദ്ധ്യാപകരും ശ്രദ്ധിക്കുമല്ലോ.

നമ്മുടെ അതിരൂപതയിൽ ദൈവവിളി പരിപോഷണത്തിന് ആത്മാർത്ഥമായി സഹകരിച്ചു കൊണ്ടിരിക്കുന്ന എല്ലാവരെയും നന്ദിയോടെ ഓർക്കുകയും നല്ല ഇടയനായ ക്രിസ്തു എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു

സ്നേഹപൂർവ്വം,

✠ **മാർ മാത്യു മൂലക്കാട്ട്**
കോട്ടയം അതിരൂപത മെത്രാപ്പോലീത്ത

NB: 1. ഈ സർക്കുലർ 2024 ഏപ്രിൽ 7-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ഇടവക ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും വിശുദ്ധ കുർബ്ബാന മദ്ധ്യേ വായിച്ചറിയിക്കേണ്ടതാണ്.

2. ദൈവവിളി ക്യാമ്പുകൾ ആദ്യ ദിവസം വൈകുന്നേരം നാലു മണിക്ക് രജിസ്ട്രേഷനോടുകൂടി ആരംഭിക്കുന്നതും അവസാന ദിവസം പ്രഭാത ഭക്ഷണത്തോടെ സമാപിക്കുന്നതുമാണ്.

3. ക്യാമ്പിൽ പങ്കെടുക്കുന്നവർ ബഹു. വികാരി അച്ചന്റെ എഴുത്തും രജിസ്ട്രേഷൻ ഫീസ് 500 രൂപയും കൊണ്ടുവരേണ്ടതാണ്.